>> കവർസ്റ്റോറി

● എം.വി മുഹമ്മദ് സലീം




## വികസനം, ദാരിദ്ര്യ നിർമാർജനം

# ബംഗ്ലാദേശിന്റെ മാതൃക

**ജമാഅത്തെ** ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിൽ ഒമ്പത് അംഗ ദൗത്യ സംഘം 2007 ഡിസംബർ 10-ന് ബംഗ്ലാദേശ് സന്ദർശിക്കുകയുണ്ടായി. ജനസേവനരംഗത്ത് വിവിധ ഏജൻസികൾ നടത്തിവരുന്ന കർമപരിപാടികൾ നേരിൽ കാണാനും അവയുടെ പ്രായോഗികത അടുത്തറിയാനും വേണ്ടിയായിരുന്നു സന്ദർശനം. ജ. ഇ. മുൻ മഹാരാഷ്ട്രാ അമീർ മുജ്തബാ ഫാറൂഖ്, മുൻ തമിഴ്നാട് അമീർ അബ്ദുർറഖീബ്, തമിഴ്നാട് അമീർ ഷബീർ അഹ്മദ്, ആസാം അമീർ ശംസ് അഹ്മദ് എന്നിവർക്കു പുറമെ മുഹമ്മദ് സലീം (കേരളം), അസീം ഹുസൈൻ (ഗോഹട്ടി), ശുഐബ് ഇസ്മാഈൽ, ഹഫീസുർറഹ്മാൻ(ദൽഹി) എന്നിവരായിരുന്നു ദൗത്യസംഘത്തിലെ അംഗങ്ങൾ.

### അധ്വാനശീലരുടെ നാട്

പ്രയാസങ്ങളിൽനിന്ന് പ്രതീക്ഷകളിലേക്കു നടത്തിയ പ്രയാണത്തിന്റെ കഥയാണ് ബംഗ്ലാദേശിന്റേത്. പ്രതിയോഗികൾ പലതാണ്. ദാരിദ്ര്യം, നിരക്ഷരത, രാഷ്ട്രീയ അരക്ഷിതത്വം, പ്രകൃതി വിപത്തുകൾ.... അവയോട് ധീരധീരം മല്ലടിച്ച് മുന്നോട്ടുനീങ്ങുന്ന അധ്വാനശീലരുടെ കഥ. 1947 മുതൽ 1971 വരെ കിഴക്കൻ പാകിസ്താനായിരുന്നു ഈ ദേശം. 1971-ലെ സമരത്തിനു ശേഷം ബംഗ്ലാദേശ് എന്ന പേര് സ്വീകരിച്ചു.

ഈ കൊച്ചു രാഷ്ട്രത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ ബംഗാൾ ഉൾക്കടൽ, മ്യാൻമർ(ബർമ), ഇന്ത്യ എന്നിവ പങ്കിടുന്നു. രാജ്യാതിർത്തി 4246 കി.മീ ആണ്. ഇതിൽ 193 കി.മീ മ്യാൻമറിന്റെ ഭാഗത്താണ്. 580 കി.മീ തീരപ്രദേശമാണ്. ശേഷിച്ച 4053 കി.മീ ഇന്ത്യയുമായി പങ്കുവെക്കുന്നു.

അക്ഷാംശ രേഖ $21^0$-$27^0$ക്കും ധ്രുവാംശരേഖ $88^0$-$93^0$ ക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന ബംഗ്ലാദേശിന്റെ വിസ്തീർണം 1,44400 ച.കി.മീ ആണ്. ഇതിൽ 133910 ച.കി.മീ കരയാണ്. 10090 ച.കി.മീ ജലാശയങ്ങളും.

ധാക്ക, ചിറ്റഗോങ്, ഖുൽന, രാജഷാഹി എന്നിവയാണ് പ്രധാന നഗരങ്ങൾ. ധാക്കയാണ് തലസ്ഥാന നഗരി. ഏറ്റവും വലിയ തുറമുഖമുള്ള ചിറ്റഗോങ്ങ് രണ്ടാംസ്ഥാനത്ത് നിലയുറപ്പിക്കുന്നു. ധാക്കയിൽനിന്ന് 264 കി.മീ അകലെയാണത്. ധാക്കയിലെ അന്താരാഷ്ട്ര വിമാനത്താവളം ഗുണനിലവാരത്തിലും സേവനത്തിലും മികച്ചു നിൽക്കുന്നു.

കേരളീയർക്ക് സുപരിചിതമായ കാലാവസ്ഥയാണവിടെ. ഉഷ്ണകാലത്ത് ധാരാളം മഴ വർഷിക്കുന്നു. വരണ്ട ശൈത്യകാലമാണ്. ജനുവരിയിലാണ് ആപേക്ഷികമായി തണുപ്പനുഭവപ്പെടുന്നത്($26^0C$).

ബംഗ്ലാദേശ് നദികളുടെ നാടാണ്. പ്രധാനമായും 29 നദികൾ രാജ്യത്ത് പരന്നൊഴുകുന്നു. ഇവിടെ നദികളില്ലാത്ത ഒരു ഗ്രാമംപോലും കാണാൻ പ്രയാസം. ഹിമാലയ സാനുക്കളിൽനിന്ന് ഉത്ഭവിക്കുന്ന ഗംഗ, ബ്രഹ്മപുത്ര മഹാനദികൾ ബംഗ്ലാദേശിൽ കൂടിച്ചേർന്ന് പത്മാനദി, മേഘ്നനദി എന്നിവയായി മാറുന്നു. ഇവ ബംഗാൾ ഉൾക്കടലിൽ ചെന്നു ചേരുന്നു.


ബംഗ്ലാദേശ് അമീർ മുതീഉർറഹ്മാൻ നിസാമിയോടൊപ്പം ജ. ഇ. അഖിലേന്ത്യാ അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ലേഖകൻ തുടങ്ങിയവർ

നദികളുടെ ആധിക്യം കാരണം പല പ്രദേശങ്ങളും തുരുത്തുകൾ പോലെയാണ്. കാലവർഷക്കെടുതികളും വെള്ളപ്പൊക്കവും പതിവ് പ്രതിഭാസമാകുന്നതിന് ഈ ഭൂമിശാസ്ത്രഘടന കാരണമാണ്.

എന്നാൽ നദികളുടെ സാന്നിധ്യം മണ്ണ് ഏറ്റവും ഫലഭൂയിഷ്ഠമാവാൻ സഹായിച്ചിട്ടുണ്ട്. വിത്തെറിഞ്ഞാൽ പൊന്ന് വിളയുന്ന ഭൂമി! അര ഏക്കർ ഭൂമിയുടെ ഉടമയാണെങ്കിൽ ആ കുടുംബം ദരിദ്രമല്ല എന്നാണ് വിലയിരുത്തൽ.

ദേശീയ വരുമാനത്തിൽ പ്രകൃതിവാതകം, കൃഷിഭൂമി, മരം, കൽക്കരി എന്നിവ എടുത്തു പറയാവുന്നതാണ്. 62.11 ശതമാനം ഭൂമി കൃഷിയോഗ്യമാണ്. 38440 സ്ക്വയർ കി.മീ ജലസേചനം വഴി കൃഷി ചെയ്യുന്നു.

ദേശീയ ഊർജോൽപാദനത്തിന്റെ സിംഹഭാഗം (70 ശതമാനം) പ്രകൃതി വാതകം കൈയടക്കിയിരിക്കുന്നു. സി.എൻ.ജി വാഹനങ്ങൾ റോഡുകളിൽ നിറഞ്ഞു നിൽക്കുന്നത് അന്തരീക്ഷ മലിനീകരണം ഒരു വലിയ അളവ് കുറക്കാൻ സഹായകമാണ്. ഊർജോൽപാദനത്തിന്റെ 25 ശതമാനം പെട്രോളിയമാണ്. 5 ശതമാനം കൽക്കരിയും ജലവൈദ്യുത പദ്ധതികളും വഴിയും. പ്രകൃതി വാതകത്തിന്റെ ഒരു വലിയ ശേഖരം (12-15 ട്രില്യൻ ക്യുബിക് ഫീറ്റ്) ബംഗ്ലാദേശിലുണ്ട്. 5 ശതമാനം മാത്രമേ ഉൽപാദിപ്പിച്ചു തുടങ്ങിയിട്ടുള്ളൂ.

## മുസ്‌ലിം എയ്ഡ്

മുസ്‌ലിം എയ്ഡ് യു.കെ എന്ന സംഘടനയാണ് ഞങ്ങളെ ക്ഷണിച്ചത്. ലോകത്ത് ദുരിതവും പ്രയാസവും പേറുന്ന ജനലക്ഷങ്ങളുടെ താങ്ങും തണലുമാണ് ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന മുസ്‌ലിം എയ്ഡ്. സംഘടനക്ക് ആഗോളതലത്തിൽ ലഭിച്ച അംഗീകാരം അവരുടെ സേവനത്തിന്റെ തിളക്കം വിളിച്ചോതുന്നു.

ദരിദ്രന് എന്തെങ്കിലുമൊക്കെ കൊടുത്ത് താൽക്കാലികാശ്വാസം നൽകുന്ന പ്രവർത്തന രീതിയല്ല സംഘടനയുടേത്. ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനങ്ങൾക്ക് കൊച്ചുകൊച്ചു പദ്ധതികളിലൂടെ സ്വന്തം കാലിൽ നിൽക്കാനുള്ള കെൽപുണ്ടാക്കുകയാണ് അവരുടെ ലക്ഷ്യം. ദാരിദ്ര്യ നിർമാർജനത്തിന് ഒരു പ്രായോഗിക രീതിയാണ് അവർ സമർപ്പിക്കുന്നത്. ആഗോള തലത്തിൽ പ്രവർത്തിക്കുന്ന അനേകം ജനക്ഷേമ പ്രവർത്തകരും ഏജൻസികളും മുസ്‌ലിം എയ്ഡുമായി സഹകരിക്കുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം തുടങ്ങിയ മേഖലകളിലെല്ലാം സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന സംഘടനയാണിത്. അവരുടെ സേവനങ്ങൾ അനുഭവിക്കാൻ ഭാഗ്യമുണ്ടായ ജനസഹസ്രങ്ങളുടെ മുഖത്ത് ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും പുഞ്ചിരി നമുക്ക് കാണാനാവും.

ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങളിൽ മുൻപന്തിയിലുള്ളത് പലിശരഹിത മൈക്രോക്രെഡിറ്റ് പദ്ധതിയാണ്. ബംഗ്ലാദേശിൽ ഈ പദ്ധതി നടപ്പാക്കിയത് വിശദീകരിക്കുന്നതിനുവേണ്ടി ഡിസംബർ 11-ന് ധാക്കയിലെ മുസ്‌ലിം എയ്ഡ് ആസ്ഥാനത്ത് വെച്ച് ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ വിശിഷ്യാ വനിതകളിൽ കേന്ദ്രീകരിച്ചുള്ള പദ്ധതിയാണിത്. പുരുഷന്മാരെ അപേക്ഷിച്ച് കടം തിരിച്ചടക്കാൻ ഔത്സുക്യവും ചിട്ടയും സ്ത്രീകൾക്കാണെന്ന് സർവെകൾ വ്യക്തമാക്കുന്നു. അതിനാൽ ഈ സ്ത്രീ കേന്ദ്രീകൃത മൈക്രോക്രെഡിറ്റ് പദ്ധതിയിൽ വളരെ ചുരുക്കമായേ കടം തിരിച്ചടക്കാത്ത അനുഭവങ്ങളുള്ളൂ. അപ്രതീക്ഷിത കാരണങ്ങളാൽ ഗൃഹനാഥ വരുമാനമില്ലാതെ പ്രയാസപ്പെടുമ്പോൾ മാത്രമാണ് ഇത് സംഭവിക്കുക. ഇങ്ങനെ വരുന്ന ബാധ്യതകൾ റിസ്ക് ഫണ്ട് (1 ശതമാനം) ശേഖരിച്ച് പരിഹരിക്കും.

## പ്രവർത്തന രീതി

കടം വാങ്ങുന്നവരെ ആദ്യം അഞ്ചു പേരുള്ള ഗ്രൂപ്പുകളാക്കുന്നു. ഇവരുടെ കൂട്ടുത്തരവാദിത്വത്തിലാണ് കടം നൽകുക. ഓരോരുത്തർക്കും കടം വാങ്ങിയ മൂലധനം കൊണ്ട് വരുമാനമുള്ള ചെറിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ മുസ്‌ലിം എയ്ഡ് ഉദ്യോഗസ്ഥർ പരിശീലനം നൽകിക്കൊണ്ടിരിക്കും. പരി

ശീലനം ലഭിച്ച ആളുകൾക്കേ പണം കൊടുക്കുകയുള്ളൂ. സാധാരണ ആറ് ആഴ്ചകൊണ്ട് ബോധവൽക്കരണവും പരിശീലനവും നടക്കും. വരുമാനം ലഭിച്ചു തുടങ്ങിയാൽ ആഴ്ചതോറും തിരിച്ചടക്കാൻ ഒരു പാസ്ബുക്ക് ഓരോരുത്തർക്കും നൽകും. ഒരേ പ്രദേശത്തുള്ള നാലോ അഞ്ചോ ഗ്രൂപ്പുകളെ ചേർത്ത് ഒരു സമിതിയും ഉണ്ടാക്കുന്നു. മാസാന്തം സമിതി വിളിച്ച് ആരോഗ്യം, ശുചിത്വം, സാമൂഹിക മര്യാദകൾ, ധർമനിഷ്ഠ, സമ്പത്തിന്റെ ഫലപ്രദമായ പ്രയോഗം എന്നിത്യാദി വിഷയങ്ങളിൽ പഠന ക്ലാസുകൾ നൽകുന്നു. പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും ചർച്ച ചെയ്യാനും പ്രായോഗിക നിർദേശങ്ങൾ ലഭിക്കാനും ഈ കൂട്ടായ്മകൾ പ്രയോജനപ്പെടുന്നു. കടം കൈപ്പറ്റിയവർക്ക് അപ്രതീക്ഷിത പ്രയാസങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് തക്കസമയത്ത് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്താൻ ഇത്തരം സദസ്സുകൾ പ്രയോജനപ്പെടും.

ഓരോ ഗ്രൂപ്പിനും നേതാവുണ്ടാകും. സമിതിയിലെ ഗ്രൂപ്പ് നേതാക്കന്മാർ ചേർന്ന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം നൽകുന്നു. ഒരു പ്രോഗ്രാം സൂപ്പർവൈസറുടെ കീഴിൽ 20 മുതൽ 80 വരെ സമിതികളുണ്ടാവാം. സാമൂഹിക സേവനം എന്ന വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആളായിരിക്കും മൈക്രോക്രെഡിറ്റിന്റെ മേഖലാ നിയന്ത്രണം ഏറ്റെടുക്കുക. വർഷാവസാനം കണക്കുകൾ പരിശോധിച്ച് വിലയിരുത്താനുള്ള സംവിധാനവും ഉണ്ട്.

ഗ്രൂപ്പുകളിലും സമിതികളിലും വ്യവസ്ഥാപിതമായി നടത്തുന്ന ബോധവൽക്കരണം പൗരന്മാരിൽ സാമൂഹിക ബോധവും ധർമബോധവും വളർത്തിയെടുക്കാൻ സഹായകമാണ്. പ്രോജക്ട് സൂപ്പർവൈസർമാർ സാധാരണക്കാരുടെ വീടുകളിൽ വിളിച്ചുകൂട്ടുന്ന ബോധവൽക്കരണ കൂട്ടായ്മകൾ അവരിൽ ആത്മാഭിമാനവും പൗരബോധവും വളർത്തുകയും അത് വ്യക്തിത്വ വികാസത്തിന് കാരണമാവുകയും ചെയ്യുന്നു. പ്രോജക്ടുകൾ തുടങ്ങാൻ ആദ്യമാദ്യം ചെറിയ തുകകളാണ് നൽകുക. പ്രോജക്ട് വിജയിപ്പിക്കുന്നവർക്ക് അതിന്റെ വികസനത്തിനു വേണ്ടി കടത്തിന്റെ തോത് ഉയർത്തും. ആദ്യം 7000 പിന്നീട് 12000 പിന്നീട് 15000. ഈ ക്രമത്തിലാണ് ധനസഹായം നൽകുക. പണം വെറുതെ കൈയിൽ കിട്ടുമ്പോൾ അതിന്റെ വിലയറിയാതെ പെട്ടെന്ന് ചെലവഴിച്ച് തീർക്കുന്നവരാണ് ദിരദ്രരിൽ അധികപേരും. കടമായി വാങ്ങുന്ന പണം ഒരു ബാധ്യതയായതിനാൽ വെറുതെ കിട്ടുന്ന കാശ് ദുരുപയോഗം ചെയ്യുന്ന പോലെ അത് ദുരുപയോഗം ചെയ്യുകയില്ല. അതിനാൽ ദാനമായി ലഭിക്കുന്ന സഹായത്തേക്കാൾ കടമായി സ്വീകരിക്കുന്ന സംഖ്യയാണ് കൂടുതൽ പ്രയോജനപ്പെടുക. മുതൽ മുടക്കുന്ന സംരംഭങ്ങൾ കടം വാങ്ങുന്നവർക്ക് മുൻ പരിചയമുള്ളതോ ചെറിയ പരിശീലനം കൊണ്ട് വൈദഗ്ധ്യം നേടാവുന്നതോ ആയിരിക്കും. പരമ്പരാഗതമായി പരിശീലിച്ചു പോന്ന സംരംഭങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാമ്പത്തിക പ്രയാസം തടസ്സമാണെങ്കിൽ അത്തരക്കാരെ വിജയത്തിന്റെ രാജവീഥിയിലേക്ക് കൈപിടിച്ചുയർത്താൻ മൈക്രോക്രെഡിറ്റ് സമ്പ്രദായം തികച്ചും ഫലപ്രദമാണ്. കൈത്തറികൾ, ക്ഷീരവ്യവസായം, ആട് വളർത്തൽ, കോഴി വളർത്തൽ, തയ്യൽ, കളിപ്പാട്ട നിർമാണം തുടങ്ങി അനേകം മേഖലകളിൽ കുടിൽ വ്യവസായത്തിലൂടെ സാമ്പത്തിക സുസ്ഥിതി കൈവരിക്കാനാകുമെന്ന് ഇവർ തെളിയിച്ചിരിക്കുന്നു.

മുസ്ലിം എയ്ഡിന്റെ പ്രവർത്തനം ഫീൽഡിൽ ചെന്ന് നേരിൽകണ്ട് ഗുണഭോക്താക്കളുമായി സംസാരിക്കാൻ ദൗത്യസംഘത്തിലെ മൂന്നു പേരെ ചുമതലപ്പെടുത്തി. കൂട്ടത്തിൽ ബംഗ്ലാദേശിൽ വ്യാപകമായ നെറ്റ്വർക്കുള്ള ഗ്രാമീണ ബാങ്കിന്റെ പ്രവർത്തനങ്ങളും അടുത്തറിയാൻ ദൗത്യസംഘത്തിന് അവസരമുണ്ടായി. മുസ്ലിം എയ്ഡ് പലിശയില്ലാതെ പ്രവർത്തിക്കുമ്പോൾ ഒരു ശതമാനം പലിശ ഈടാക്കിക്കൊണ്ടാണ് ഗ്രാമീൺ ബാങ്ക് ഇതെല്ലാം ചെയ്തുകൊടുക്കുന്നത്. ഇതിൽനിന്ന് ലഭ്യമാകുന്ന ആദായം ജനോപകാരപ്രദമായ വ്യാപാര പദ്ധതികളിൽ വിനിയോഗിക്കുന്നു. ദാരിദ്ര്യ ലഘൂകരണത്തിൽ പ്രസ്താവ്യമായ പങ്കുവഹിക്കുന്ന ഈ സംരംഭത്തിന്റെ ഉപജ്ഞാതാവ് നോബൽ സമ്മാന ജേതാവായ ഡോ. മുഹമ്മദ് യൂനുസാണ്.

## ഗുലാം അഅ്സമിന്റെ കൂടെ

ഇസ്ലാമിക പ്രസ്ഥാന നായകരുമായും പ്രവർത്തകരുമായും സന്ധിക്കാനും അവരുടെ പ്രവർത്തന രീതികൾ മനസ്സിലാക്കാനും ഞങ്ങൾക്ക് അവസരമുണ്ടായി. വിജ്ഞനും വയോധികനുമായ പ്രഫ. ഗുലാം അഅ്സം സാഹിബുമായി ദീർഘനേരം സംഭാഷണം നടത്തി. ബംഗ്ലാദേശ് ജമാഅത്തിന്റെ സ്ഥാപകനും ആദ്യകാല അമീറുമായിരുന്ന ഗുലാം അഅ്സം തന്റെ കാഴ്ചപ്പാടുകളും അനുഭവങ്ങളും ദൗത്യസംഘവുമായി പങ്കുവെച്ചു. അദ്ദേഹം മൗലാനാ സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുമായി സഹവസിച്ച് ഇസ്ലാമിക പ്രസ്ഥാനത്തെ ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ട്. ബംഗ്ലാദേശിലെ സവിശേഷ സാഹചര്യത്തിൽ പ്രസ്ഥാനത്തെ മുന്നോട്ടുനയിക്കാൻ അദ്ദേഹം ഒരു മാർഗരേഖ തയ്യാറാക്കി. ഉപഭൂഖണ്ഡത്തിലെ ഇതര പ്രദേശങ്ങളിൽ പ്രസ്ഥാനത്തിന് കൈവരിക്കാനാവാത്ത നേട്ടം ബംഗ്ലാദേശിൽ പ്രസ്ഥാനത്തിന് കൈവന്നത് ഈ മാർഗരേഖ പ്രയോഗവൽക്കരിച്ചതിലൂടെയാണെന്ന് പറയുന്നതിൽ അതിശയോക്തിയില്ല.

ഞങ്ങൾ കാണുമ്പോൾ അദ്ദേഹം ലൈബ്രറിയിലായിരുന്നു. അനാരോഗ്യം അവഗണിച്ച് പഠനപാരായണങ്ങളിൽ നിരതനായിരിക്കുന്നു. അദ്ദേഹം രചിച്ച അറുപതിലേറെ ഗ്രന്ഥങ്ങൾ ലൈബ്രറിയിൽ കാണാൻ കഴിഞ്ഞു. പുറമെ അറബി, ഉറുദു, ഇംഗ്ലീഷ്, ബംഗാളി ഭാഷകളിലെ നല്ലൊരു പുസ്തകശേഖരവും. പ്രസ്ഥാനത്തിന്റെ ഭാവി നിലപാടും പ്രതികൂല രാഷ്ട്രീയ സാഹചര്യവും ചർച്ചയിൽ കടന്നു വന്നു. എത്ര കടുത്ത പ്രതിബന്ധത്തേയും തികഞ്ഞ ആത്മവിശ്വാസത്തോടെ നേരിടാനുള്ള സത്യവിശ്വാസിയുടെ കരുത്ത് അദ്ദേഹത്തിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. സമയക്കുറവ് കാരണം സംസാരിച്ചു തീരാതെ അടുത്ത പരിപാടിയിലേക്ക് നീങ്ങാൻ ഞങ്ങൾ നിർബന്ധിതരായി.

പിന്നീട് പലപ്പോഴായി ബംഗ്ലാദേശ് അമീർ മുതീഉർറഹ്മാൻ നിസാമി, അസി. അമീർ മഖ്ബൂൽ അഹ്മദ്, അസി. ജനറൽ സെക്രട്ടറി ഖമറുസ്സമാൻ, ഇസ്ലാമിക് ബാങ്ക് ചെയർമാൻ ആന്റ് അസി. ജനറൽ സെക്രട്ടറി അബൂനസ്വ്ർ, ഇബ്നുസീന ഫൗണ്ടേഷൻ എം.ഡി ആന്റ് ജ. ഇ. എക്സിക്യൂട്ടീവ് മെമ്പർ സൈഫുൽ ആലംഖാൻ, ഛാത്രശിബ്ർ പ്രസിഡന്റ് ഷഫീഖ് ഹുസൈൻ മസ്ഊദി, ജന. സെക്രട്ടറി സഹീദുർറഹ്മാൻ എന്നിവരുമായി കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചു.

## ബംഗ്ലാ ജമാഅത്തെ ഇസ്ലാമി

1971-ലാണ് ബംഗ്ലാദേശ് ജമാഅത്ത് സ്ഥാപിതമായത്. രണ്ട് വനിതാ അംഗങ്ങളടക്കം 450 അംഗങ്ങളായിരുന്നു തുടക്കത്തിൽ. ഇപ്പോൾ ബംഗ്ലാദേശിന്റെ മുക്കിലും മൂലയിലും പ്രസ്ഥാനത്തിന്റെ പ്രവർത്തകരും അനുഭാവികളും സഹകാരികളുമായി വലിയൊരു വിഭാഗമുണ്ട്.

തത്ത്വത്തിൽ ജമാഅത്തിനെ അനുകൂലിക്കാത്ത അപൂർവം പേരെ മാത്രമേ ഗ്രാമങ്ങളിൽ വരെ കണ്ടുള്ളൂ.

50 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി, 30 അംഗ വർക്കിംഗ് കമ്മിറ്റി, 56 വനിതകളടക്കം 165 അംഗ കൂടിയാലോചനാ സമിതി എന്നിങ്ങനെയാണ് ഇപ്പോഴത്തെ കേന്ദ്ര നേതൃഘടന. സഹകരണം ജമാഅത്തിന്റെ അടിസ്ഥാന നയമാണ്. വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുമായും ഗ്രൂപ്പുകളുമായും വ്യക്തികളുമായും സഹകരിക്കാവുന്ന മേഖലകൾ കണ്ടെത്തി ഒന്നിച്ചുപോവുക, ഈ കൂട്ടായ്മകളിലെല്ലാം സുതാര്യതയും ധാർമിക നിഷ്ഠയും പ്രതിഫലിപ്പിക്കുക എന്ന നയമാണ് ജമാഅത്ത് സ്വീകരിച്ചിരിക്കുന്നത്. ജമാഅത്തിന്റെ കടുത്ത വിരോധികളും സ്ഥിരം വിമർശകരുമായ സെക്യുലർ സംഘടനകൾ പോലും ജമാഅത്തിന്റെ കാര്യക്ഷമത, സുതാര്യത, സംഘടനാ ഭദ്രത എന്നീ ഗുണങ്ങൾ പ്രത്യേകം എടുത്തുപറയുന്നു. ജീവിതത്തിന്റെ വിവിധ തുറകളിൽ തങ്ങളുടെ സജീവ സാന്നിധ്യമറിയിക്കാൻ ജമാഅത്തിന് സാധിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനങ്ങൾ ഒഴിച്ചുനിർത്തിയാൽ, മറ്റെല്ലാ മേഖലകളിലും പൊതുവും സ്വതന്ത്രവുമായ പ്രവർത്തന രീതിയാണ് ജമാഅത്ത് സ്വീകരിക്കുന്നത്. ഓരോ വിഷയത്തിലും സ്വന്തമായ കാഴ്ചപ്പാടും നിലപാടും ഉള്ളതോടൊപ്പം, മറ്റു സംഘടനകൾക്ക് അരോചകമായ ഇടപെടലുകൾ കഴിയുന്നത്ര ഒഴിവാക്കുന്നു. അവർക്കും അവസരവും അംഗീകാരവും നൽകുന്നു. പുണ്യത്തിൽ പരസ്പരം സഹകരിക്കുക എന്ന തത്ത്വമാണ് അവലംബിക്കുന്നത്. ജമാഅത്തിന്റെ അധ്യാപക സംഘടനയും തൊഴിലാളി സംഘടനയും ആ മേഖലകളിൽ വളരെ സജീവവും നിർണായക ശക്തിയുമാണ്.

കേന്ദ്രത്തിൽ കൃഷി വകുപ്പ് ഏറ്റവും കാര്യക്ഷമമായി കൈകാര്യം ചെയ്ത മന്ത്രിയായിരുന്നു ജമാഅത്ത് അമീർ മുതീഉർറഹ്മാൻ നിസാമി. അദ്ദേഹത്തിന്റെ പത്നി കോളേജ് പ്രിൻസിപ്പലും വനിതാ വിഭാഗം സെക്രട്ടറിയുമാണ്. നേതൃതലത്തിലുള്ള മിക്കവരും ഇങ്ങനെ പൊതുരംഗത്ത് തങ്ങളുടെ മികവും സത്യസന്ധതയും കർമശേഷിയും തെളിയിച്ചിട്ടുള്ളവരാണ്. മൂന്നുദശകങ്ങൾ നീണ്ട കലുഷമായ രാഷ്ട്രീയാന്തരീക്ഷം മറികടന്ന് സമൂഹത്തിന്റെ രക്തവും മജ്ജയുമായി മാറാൻ പ്രസ്ഥാനത്തിന് സാധിച്ചത് വ്യവസ്ഥാപിതമായ ആസൂത്രണവും അക്ഷീണ പരിശ്രമവും തുടർന്നതിന്റെ ഫലമായാണ്.

വാർത്താ മാധ്യമങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സംഘടനക്ക് കഴിയാതെ പോയി എന്ന് പ്രഫ. ഗുലാം അഅ്സം ദുഃഖത്തോടെ അനുസ്മരിക്കുകയുണ്ടായി. മൗലാനാ മൗദൂദി സാഹിബും മീഡിയക്ക് വേണ്ടത്ര പ്രാധാന്യം കല്പിച്ചിരുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിന്റെ ഫലമായി ബംഗ്ലാദേശിൽ ഒരു ശതമാനം മാത്രം വോട്ടു ലഭിക്കുന്ന ഇടതുപക്ഷം വാർത്തകളിൽ നിറഞ്ഞു നിൽക്കുകയും നാടിന്റെ വികാരമായ ഇസ്‌ലാമിക പ്രസ്ഥാനം തമസ്കരിക്കപ്പെടുകയും ചെയ്യുന്നു.

# ഗ്രാമീണബാങ്ക് പാവങ്ങളുടെ ബാങ്ക് തന്നെ, പക്ഷേ......

**ബാങ്കിടപാടുകൾ** പൊതുവെ പാവപ്പെട്ടവർക്ക് അന്യവും പണക്കാർക്ക് മാത്രം ഉപകാരപ്പെടുന്നതുമാണ്. പണം നിക്ഷേപിക്കുക, സ്ഥാവര-ജംഗമ സ്വത്തുക്കളുടെ ഈടിൽ വായ്പ കൊടുക്കുക, വിലപ്പെട്ട വസ്തുക്കൾ ഉത്തരവാദിത്തത്തോടെ സൂക്ഷിക്കുക, വിവിധ ഇനം സാമ്പത്തിക കരാറുകളിൽ ഗ്യാരന്റി നൽകി ഉഭയകക്ഷികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അന്താരാഷ്ട്ര വ്യാപാരത്തിന് ജാമ്യം നിൽക്കുന്ന ഇടയാളരാവുക തുടങ്ങി പണക്കാർക്ക് ആവശ്യമുള്ള ഇടപാടുകളാണ് ബാങ്കുകൾ നടത്തുന്നത്.

ഈ പൊതുധാരണക്ക് തിരുത്തായാണ് സഹകരണ ബാങ്കുകൾ നിലവിൽ വന്നതെങ്കിലും പ്രയോഗത്തിൽ കാര്യമായ അന്തരമൊന്നുമില്ല. ഇവയിൽനിന്നെല്ലാം ഭിന്നമായ രീതിയാണ് ഗ്രാമീണ ബാങ്ക് സ്വീകരിച്ചിട്ടുള്ളത്. വ്യക്തികളുടെ ഉൽപാദനശേഷി മൂല്യമായി കണക്കാക്കി അതിന്റെ പരിപോഷണത്തിന് ധനസഹായം നൽകുക എന്ന തത്ത്വമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. മറ്റൊന്നും ഈടായി ആവശ്യപ്പെടുന്നില്ല. ദരിദ്രരുടെ ബാങ്കായി ബംഗ്ലാദേശിലെ ഗ്രാമീണ ബാങ്ക് വളരാനുള്ള കാരണമിതാണ്.

ചെയ്യുന്ന ജോലിയിൽ നൈപുണ്യം നേടാനായി പരിശീലനം നൽകാനും, അങ്ങനെ ഉൽപാദനശേഷി വളർത്തിയെടുക്കാനും ബാങ്ക് പ്രത്യേകം ശ്രദ്ധിക്കുന്നു. വ്യക്തിക്ക് തടുക്കാനാവാത്ത പ്രതിസന്ധികൾ വരുമ്പോൾ സഹായത്തിന് ബാങ്ക് എത്തുകയും ചെയ്യും. ഉൽപാദനത്തിന് മാത്രമല്ല മാർക്കറ്റിഗിനും ബാങ്ക് സഹായിക്കുമ്പോൾ, ബാങ്കിന്റെ ബാധ്യത കൃത്യസമയത്ത് തിരിച്ചടക്കാൻ ഗുണഭോക്താക്കൾക്ക് സാധിക്കും. ഈ സവിശേഷതകളാണ് ബംഗ്ലാദേശിലെ ബഹുഭൂരിപക്ഷം ദരിദ്രരുടെയും ആശാകേന്ദ്രമായി ഗ്രാമീൺ ബാങ്കിനെ മാറ്റിയത്.


*മുഹമ്മദ് യൂനുസ്*

പക്ഷേ, ഗ്രാമീണ ബാങ്കിന്റെ സേവനങ്ങളിൽ ഒന്നും തന്നെ ഔദാര്യമല്ല. പരിശീലനമടക്കം എല്ലാ സേവനങ്ങൾക്കും നിശ്ചിത ഫീസ് ബാങ്ക് ഈടാക്കും. ഓരോ ഘട്ടത്തിലും മാനേജ്മെന്റ് നിർണയിക്കുന്ന നിശ്ചിത ശതമാനം പലിശയും നൽകണം. മൈക്രോ ക്രെഡിറ്റിന്റെ കൂടെയുള്ള ഈ മൈക്രോ ഇന്ററസ്റ്റ് ചെറിയ ഇടവേളകളിലായി വന്നു ചേരുമ്പോൾ അതുവഴിതന്നെ ബാങ്കിന് വലിയ ലാഭം ലഭിക്കുന്നു.

ആരംഭ കാലത്ത് ഗ്രാമീണ ബാങ്കിന്റെ ഗുണഭോക്താക്കൾ പലിശയെക്കുറിച്ചോ ചൂഷണത്തെക്കുറിച്ചോ ബോധവാന്മാരായിരുന്നില്ല. പുതുതായി രംഗത്ത് വന്ന മുസ്‌ലിം എയ്ഡ് യു.കെ, ഇസ്‌ലാമിക് ബാങ്ക് തുടങ്ങിയ ഏജൻസികൾ പലിശരഹിത സമ്പ്രദായം മൈക്രോക്രെഡിറ്റിൽ നടപ്പാക്കിയപ്പോഴാണ് തങ്ങൾ ചൂഷണം ചെയ്യപ്പെടുകയായിരുന്നു എന്നവർ മനസ്സിലാക്കിയത്. ഗ്രാമീണ ബാങ്കിന്റെ ഇടപാടുകാരിൽ ധാരാളം പേർ ഇപ്പോൾ പലിശരഹിത സഹായത്തിനായി ഈ ഏജൻസികളെ സമീപിച്ചുകൊണ്ടിരിക്കുകയാണ്.



പ്രഫ. ഗുലാം അഅ്സം



മഖ്ബൂൽ അഹ്മദ



ഖമറുസ്സമാൻ

**ധർമോപദേശങ്ങൾക്ക് ഉപരി, നിത്യജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്ക് ഇസ്‌ലാം എങ്ങനെ പ്രായോഗിക പരിഹാരമാകുന്നു എന്ന് കാണിച്ചു കൊടുക്കാൻ കഴിഞ്ഞതാണ് പ്രസ്ഥാനത്തിന്റെ വിജയം.**

### ആരോഗ്യം, വിദ്യാഭ്യാസം, ധനകാര്യം

വിദ്യാഭ്യാസ മേഖലകളിൽ ജമാഅത്ത് സജീവമാണ്. പ്രാഥമിക പാഠശാലകൾ മുതൽ യൂനിവേഴ്സിറ്റികൾ വരെ വിജയകരമായി നടത്തിക്കൊണ്ടുപോകാൻ ജമാഅത്തിന് സാധിച്ചിട്ടുണ്ട്. ജമാഅത്ത് നടത്തുന്ന ഇന്റർനാഷ്നൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി(IIUC)യിൽ വിദേശ വിദ്യാർഥികളും പഠിക്കുന്നു. പ്രഫഷനൽ വിദ്യാഭ്യാസവും ധാർമിക വിദ്യാഭ്യാസവും ഒന്നിച്ചുചേർത്ത് അത്യാകർഷകമായി വിദ്യ അഭ്യസിപ്പിക്കുന്ന കലാലയ സമുച്ചയമാണിത്. അടുത്ത വർഷം മെഡിക്കൽ കോളേജും ആരംഭിക്കുന്നതോടെ ഒട്ടെല്ലാ വൈജ്ഞാനിക മേഖലകളിലും ഇസ്‌ലാമിക യൂനിവേഴ്സിറ്റിക്ക് ശാഖകളുണ്ടാകും. 7500 പഠിതാക്കളും 287 അധ്യാപകരുമുള്ള IIUC ബംഗ്ലാദേശിലെ ഒന്നാംകിട സ്വകാര്യ യൂനിവേഴ്സിറ്റിയാണെന്ന് അതിന്റെ സ്ഥാപക നേതാക്കളിലൊരാളായ ഡോ. മുഹമ്മദ് ലുഖ്മാൻ സാക്ഷ്യപ്പെടുത്തുന്നു.

ആരോഗ്യ മേഖലയിൽ മെഡിക്കൽ കോളേജ് മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ വരെ എല്ലാ രംഗങ്ങളിലും ജമാഅത്ത് സാന്നിധ്യമുണ്ട്. ഗുണനിലവാരത്തിൽ ആഗോള പ്രശസ്ത സ്ഥാപനങ്ങളെക്കാൾ മികച്ചു നിൽക്കാൻ ഇവക്കു സാധിക്കുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, മെഡിക്കൽ ലാബുകൾ ഔഷധ നിർമാണ ശാലകൾ തുടങ്ങി വേണ്ട സൗകര്യങ്ങളത്രയും ഒരുക്കി ജന സേവനത്തിന് പുതിയ ദിശാബോധം നൽകാൻ പ്രവർത്തകർക്കു കഴിഞ്ഞിട്ടുണ്ട്.

സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനം. ആഗോള തലത്തിൽ ഒന്നാംകിട ഇസ്‌ലാമിക് ബാങ്കുകളിലൊന്നാണ് ബംഗ്ലാദേശ് ഇസ്‌ലാമിക് ബാങ്ക്. ബംഗ്ലാ ബാങ്കുകളിൽ ഇപ്പോഴത് രണ്ടാം സ്ഥാനത്താണ്. രാജ്യത്തെ ഏറ്റവും വലിയ ബാങ്കായി ഇസ്‌ലാമിക് ബാങ്കിനെ അംഗീകരിക്കേണ്ടിവരുമെന്ന് ഭാരവാഹികൾ പ്രത്യാശ പ്രകടിപ്പിച്ചു. സാമ്പത്തിക രംഗം വ്യവസ്ഥാപിതമായും വിജയകരമായും കൈകാര്യം ചെയ്യുന്നതിൽ ജമാഅത്ത് പ്രവർത്തകർ കൈവരിച്ച നേട്ടത്തിന്റെ ഉത്തമ ഉദാഹരണമാണിത്. പ്രവർത്തന ക്ഷമതയും കാര്യശേഷിയും വളർന്നു വരുന്നതോടൊപ്പം സത്യസന്ധതയും ആത്മാർഥതയും കൂടിവരുന്നു, ഇതെങ്ങനെ എന്ന ചോദ്യത്തിന് പ്രസ്ഥാനം നൽകുന്ന ധാർമിക ശിക്ഷണം(തർബിയത്ത്) എന്നായിരുന്നു മറുപടി. വ്യാവസായിക, കാർഷിക മേഖലകളിൽ മികച്ചു നിൽക്കാൻ പ്രസ്ഥാന പ്രവർത്തകർക്കു കഴിഞ്ഞിട്ടുണ്ട്.

സമൂഹത്തിൽ സ്ത്രീകളുടെ പങ്കും സ്വാധീനവും നേരത്തേ തിരിച്ചറിയാൻ പ്രസ്ഥാനത്തിന് സാധിക്കുകയുണ്ടായി. ജമാഅത്ത് അംഗങ്ങളിൽ സ്ത്രീകളുടെ അനുപാതം 1:4 ആയി ഉയർത്താൻ പ്രസ്ഥാനത്തിന് സാധിച്ചു. വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ സ്ത്രീകൾ നിറഞ്ഞു നിൽക്കുന്ന സമൂഹമാണ് ബംഗ്ലാദേശിലേത്. രാഷ്ട്രീയ നേതൃത്വം തുടരെ തുടരെ സ്ത്രീകളിൽ അർപിക്കപ്പെടുന്നത് സമൂഹത്തിൽ വനിതകൾക്കുള്ള സ്വാധീനത്തിന്റെ കൂടി ഫലമാണ്.

### ഛാത്ര ശിബ്ർ

ബംഗ്ലാദേശിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ശക്തി ഛാത്ര ശിബ്ർ എന്ന വിദ്യാർഥി വിഭാഗമാണ്. മാതൃസംഘടനയോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന വേദിയാണിത്. പ്രാഥമിക വിദ്യാലയങ്ങളിൽ ആറാം ക്ലാസ് മുതൽ വിദ്യാർഥി സംഘടനയുടെ സ്വാധീനം ആരംഭിക്കുന്നു. മദ്റസകൾ, സ്കൂളുകൾ, കോളേജുകൾ, യൂനിവേഴ്സിറ്റികൾ തുടങ്ങി ബംഗ്ലാദേശിലെ എല്ലാ വിദ്യാലയങ്ങളിലും സംഘടനക്ക് ശാഖകളുണ്ട്. ഇന്ന് നിലവിലുള്ള ജമാഅത്ത് നേതൃത്വം ഒന്നൊഴിയാതെ ഛാത്ര ശിബ്റിന്റെ സന്തതികളാണ്.

ഇസ്‌ലാമിക പ്രസ്ഥാനം ജനങ്ങളിലേക്കിറങ്ങി ഒരു ജീവൽ പ്രസ്ഥാനമായി മാറുന്നതെങ്ങനെ എന്നതിന് മികച്ച ദൃഷ്ടാന്തമാണ് ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി. ധർമോപദേശങ്ങൾക്കുപരി, നിത്യജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്ക് ഇസ്‌ലാം എങ്ങനെ പ്രായോഗിക പരിഹാരമാകുന്നു എന്ന് കാണിച്ചുകൊടുക്കാൻ കഴിഞ്ഞതാണ് പ്രസ്ഥാനത്തിന്റെ വിജയം. ■